7415
ഉടി6115

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-ഡിമെൻഷ്യ കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം.378 /2015/സാ.നീ.വ　　തിരുവനന്തപുരം, തീയതി 17.6.2015

പരാമർശം- 1. 13.8.2014 ലെ സ.ഉ(ആർ.റ്റി)നം.519/14/സാ.നീ.വ നമ്പർ ഉത്തരവ്
2. 21.4.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ H1/12542/15 നമ്പർ കത്ത്
3. 16.5.2015 ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ മിനിട്ട്സ്

ഉത്തരവ്

പരാമർശം 1 ഉത്തരവ് പ്രകാരം ഡിമെൻഷ്യ കെയർ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും ഡിമെൻഷ്യ കെയർ സെന്റർ, ഡിമെൻഷ്യ ഹെൽപ്പ് ലൈൻ എന്നിവ ആരംഭിക്കുന്നതിനുമായി 35,30,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിൻ പ്രകാരം ഇടവനക്കാട് വൃദ്ധ സദനത്തിൽ ഒരു full time ഡിമെൻഷ്യ കെയർ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്നും ഇത്തരത്തിലുള്ള 2 ഡിമെൻഷ്യ കെയർ സെന്ററുകൾ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ ആരംഭിക്കുന്നതിനായി ഒരു കെയർ സെന്ററിന് 22,42,000/- രൂപ വച്ച് 2 കെയർ സെന്ററിനായി 44,84,000/- രൂപയുടെ പ്രൊപ്പോസൽ പരാമർശം 2 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു.

പരാമർശം 3 പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകി

ഈ സാഹചര്യത്തിൽ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ ഡിമെൻഷ്യ കെയർ സെന്ററുകൾ ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയും ഇതിലേയ്ക്ക് ആവശ്യമായ 44,84,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ